# ശ്ലീഹാകാലം

## വചന വിചിന്തനം

### ശ്ലീഹാകാലം : ഒന്നാം ഞായർ

### യോഹ 16,5–15

> *"പന്തകുസ്താതിരുനാൾ അനുഗ്രഹങ്ങളുടെ തിരുനാളാണ്! കാരണം, ബദ്ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ഈശോ ഇസ്രായേൽക്കാരുടെ മാത്രം ദൈവമാകാതെ ലോകത്തിനു മുഴുവൻ ദൈവമായ ദിനം!"*

**ബോധ്യം ജനിപ്പിക്കുന്നവനാണ് പരിശുദ്ധാത്മാവ്. ബോധ്യമെന്നത് തിരിച്ചറിവാണ്...**

പന്തകുസ്താതിരുനാൾ സമ്മാനിക്കുന്ന ചിന്ത പരിശുദ്ധാത്മാവിന്റെ ശക്തിവിശേഷത്തെ കുറിച്ചാണെങ്കിലും ദൈവരാജമെന്നത് ഭാഷ വേഷവൈവിധ്യങ്ങൾക്കപ്പുറത്താണ് എന്നുള്ള തിരിച്ചറിവുകൂടിയാണ്. പഴയനിയമം പരിചയപ്പെടുത്തുന്ന ദൈവം തിരഞ്ഞെടുക്കുന്ന ജനത ദൈവത്തോട് മറുതലിക്കുന്ന, ദൈവത്തേക്കാൾ വലുതാകാൻ ആഗ്രഹിക്കുന്ന കഥയാണ് പങ്കുവയ്ക്കുന്നത്. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം "നാം.... നാം മാത്രം.... നമുക്ക് മീതെ ആരും പാടില്ല..." എന്നുള്ള വാശിയോട് കൂടെ ബാബേൽ ഗോപുരത്തിന് ശില നാട്ടുന്ന ദൈവജനനത തന്നെയാണ്.

"നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും തീർത്തു പ്രശസ്തി നിലനിർത്താം. അല്ലെങ്കിൽ, നാം ഭൂമുഖത്താകെ ചിന്നിച്ചിതറിപ്പോകും" (ഉൽപ്പ 11,4) എന്ന ധാർഷ്ട്യം നിറഞ്ഞ ചിന്തയോടെ ദൈവത്തോളം വളരാൻ... ഉയരാൻ ആഗ്രഹിച്ച ജനതയെ ദൈവം അവരുടെ ഭാഷയാൽ ഭിന്നിപ്പിക്കുകയും ചിതറിച്ച് കളയുകയും ചെയ്യുന്നു. ദൈവം ഇറങ്ങി വന്ന് അവരുടെ ഭാഷ, പരസ്പരം ഗ്രഹിക്കാനാവാത്തവിധം ഭിന്നിപ്പിക്കുന്നു. അങ്ങനെ കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിക്കുന്നു. അവർ പട്ടണംപണി ഉപേക്ഷിക്കുന്നു. അതുവരെ ഒറ്റ ഭാഷയും ഒരു ജനതയുമായി കഴിഞ്ഞവർ പരസ്പ്പരം പറയുന്നത് തിരിച്ചറിയാൻ സാധിക്കാത്തവിധം ചിതറിക്കപ്പെട്ടു. നശത്തിന്റെ തുടക്കം അവിടെ നിന്ന് ആരംഭിക്കുകയാണ്. അതിന് കാരണമായി നിൽക്കുന്നത് പരസ്പരം ഗ്രഹിക്കാനാവാത്തവിധം അവരുടെ ഭാഷ ഭിന്നിപ്പിക്കുന്നതാണ്.

എന്നാൽ, പന്തകുസ്താ തിരുനാൾ സമ്മാനിക്കുന്ന ചിത്രം, "പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ചിതറിപോയ ഭാഷയെ ഒന്നിപ്പിക്കുന്ന ഒന്നിപ്പിക്കുന്ന ദൈവത്തെ കുറിച്ചാണ്." അപ്പസ്തോല പ്രവർത്തനങ്ങൾ രണ്ടാം അദ്ധ്യായം ഒന്ന് മുതലുള്ള വാക്ക്യങ്ങൾ ശ്രദ്ധിക്കുക.

പന്തക്കുസ്താദിനം സമാഗതമായപ്പോൾ ശിഷ്യൻമാരെല്ലാവരും പരിശുദ്ധ അമ്മയുടെ നാമത്തിൽ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുമ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടാകുന്നു. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നി ജ്വാലകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണുന്നു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ

ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. ഇവിടെയാണ് ദൈവം അൽഭുതം ഒളിപ്പിച്ച് വയ്ക്കുന്നത്.

വചനം പറയുന്നതനുസരിച്ച്, ആകാശത്തിൻകീഴുള്ള സകല ജനപദങ്ങളിലും നിന്നു വന്ന ഭക്തരായ അനേകം യഹൂദർ ജറുസലെമിൽ ഉണ്ടായിരുന്നു. അവരെല്ലാം വിസ്മയഭരിതരായി പറഞ്ഞു:

“ഈ സംസാരിക്കുന്നവരെല്ലാവരും ഗലീലിയരല്ലേ? നാമെല്ലാവരും താന്താങ്ങളുടെ മാതൃഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ?” (അപ്പ 2,8).

പരിശുദ്ധാത്മാ പ്രവർത്തനങ്ങളുടെ വലിയ പ്രത്യേകതയാണിത്. പരിശുദ്ധാത്മാവ് ഒന്നിപ്പിക്കുന്ന ആത്മാവാണ്... അവൻ ശക്തിപ്പെടുത്തുന്ന ആത്മാവ് എന്നതുപ്പോലെതന്നെ ഐക്യത്താൽ യോജിപ്പിക്കുന്ന ആത്മാവ് കൂടെയാണ്. ഇന്ന് നമ്മുടെ കുടുംബങ്ങളിൽ പരസ്പ്പരം പറയുന്നത് മനസ്സിലാകുന്നില്ലെങ്കിൽ അതിനുള്ള കാരണം പരിശുദ്ധാത്മാവിന്റെ സാന്നിവേശം കുറഞ്ഞുപോകുന്നതുകൊണ്ടാണ്. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട കുടുംബങ്ങളിൽ ഐക്യമുണ്ടാകും... യോജിപ്പുണ്ടാകും... കൂട്ടായ്മയുണ്ടാകും... പരിശുദ്ധാത്മാവിന്റെ കുറവിനനുസരിച്ച് ഇതിലെല്ലാം കുറവുണ്ടാകും. അവിടെ കുടുംബബന്ധങ്ങൾ ശിഥിലമാകാൻ ആരംഭിക്കുകയും ചെയ്യും!

പരിശുദ്ധാത്മാവ്
കൂട്ടായ്മയുടെ
അരൂപിയാണ്...
അപ്പസ്തോലൻമാർ
ഒരുമിച്ചിരുന്നപ്പോഴാണ്
ആത്മാവിനെ
സ്വന്തമാക്കിയത്!

കർത്താവ് വചനഭാഗത്തിലൂടെ സംസാരിക്കുകയാണ്; “മക്കളേ, ഞാൻ പോകുന്നത് നിങ്ങളുടെ നൻമയ്ക്കുവേണ്ടിയാണ്. ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ (പരിശുദ്ധാത്മാവ്) നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും. അവൻ വന്ന് (പരിശുദ്ധാത്മാവ്) പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും” (യോഹ 16,7-8).

പരിശുദ്ധാത്മാവാണ് പാപത്തെക്കുറിച്ചും നീതിയെകുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യപ്പെടുത്തികൊടുക്കുന്നത്. ഇന്നത്തെ ലോകത്തിന്റെ വലിയ അപജയം പാപം ചെയ്യുന്നു എന്നുള്ളതല്ല. മറിച്ച്, പാപബോധം നഷ്ടപ്പെട്ട ഒരു ജനത ഇവിടെ ഉടലെടുക്കുന്നു എന്നുള്ളതാണ്. അങ്ങനെയങ്കിൽ, അതിനുള്ള കാരണം പാപത്തെക്കുറിച്ചും നീതിയെകുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യപ്പെടുത്തി കൊടുക്കുന്ന പരിശുദ്ധാത്മാവിന്റെ കുറവ് തന്നെയാണ്. എങ്കിൽ, പ്രാർത്ഥിക്കേണ്ടത് പരിശുദ്ധാത്മാവിന്റെ നിറവിന് വേണ്ടിയാണ്. എന്തുമാത്രം പരിശുദ്ധ്താമാവിനാൽ നിറയപ്പെടുന്നുണ്ടോ അത്രമാത്രം പാപത്തെ കുറിച്ച് ബോദ്ധ്യമുണ്ടാകും. അത്രമാത്രം പാപത്തിൽ നിന്ന് അകന്ന് നീതിയുടെ പാതയിലൂടെ സഞ്ചരിക്കും. അവസാനം, ന്യായവിധിയിൽ പരിശുദ്ധാത്മ ശക്തിയാൽ ന്യായാധിപന്റെ മുമ്പിൽ നിലയുറപ്പിക്കാൻ സാധിക്കും. അതിന്, അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട യോഗ്യത, പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നത് മാത്രമാണ്.

ബസിൽ സഞ്ചരിക്കുകയാണ് ആ കുടുംബം. കണ്ടക്ടർ വന്നപ്പോൾ മകന് ഹാഫ് ടിക്കറ്റെന്ന് പറഞ്ഞ മാതാവിനോട് കണ്ടക്ടർ ചോദിച്ചു;

“കുട്ടിക്ക് എത്ര വയസ്സായി?”

“പത്ത് വയസ്” മാതാവ്.

കണ്ടക്ടർ ഹാഫ് ടിക്കറ്റ് കൊടുത്തു.

ബസിൽ നിന്നിറങ്ങുമ്പോൾ കുട്ടിയുടെ മനസ്സിൽ അടക്കിപ്പിടിച്ച

ചോദ്യം പുറത്ത് വന്നു; "അമ്മെ, എനിക്ക് 13 വയസ്സായില്ലേ?"

ഒരു ചുട്ട നോട്ടമായിരുന്നു അതിന്റെ മറുപടി. അതിൽ അവൻ അടങ്ങി. പക്ഷെ, ജീവിതത്തിൽ വളരെ സുപ്രധാനമായ ഒരു പാഠമായിരുന്നു, ആ അമ്മ അന്ന് മകനെ പഠിപ്പിച്ചത്.

"പണത്തിനു വേണ്ടി നുണ പറയാം... അതെത്ര നിസ്സാര തുകയായാലും!"

മക്കളെ ഗുണദോഷിക്കുന്നവരാണ് നാമൊക്കെ. നല്ലത് തന്നെ. പക്ഷെ, "നല്ല തത്വങ്ങൾക്ക് പഞ്ഞമില്ല... എന്നാൽ, നല്ല മാതൃകകൾക്ക് കടുത്ത ദാരിദ്ര്യം അനുഭവപ്പെടുന്നു..." എന്ന് വിളിച്ച് പറയുന്ന ഒരു തലമുറയുടെ നടുവിലാണ് നാം ജീവിക്കുന്നത് എന്ന് മറന്ന് പോകരുത്. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തുന്നവനാണ്. "സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും" (യോഹ 16,13) എന്നുള്ളതും ക്രിസ്തുവിന്റെ വാഗ്ദാനമാണ്. എന്നിട്ടും, നാം പാപം ചെയ്യുമ്പോൾ, സത്യാത്മാവിന് വിരുദ്ധമായി നാം പ്രവർത്തിക്കുമ്പോൾ ദൈവത്തിൽ നിന്ന് അകന്നുപോവുകയാണ്. ചുരുക്കത്തിൽ, പാപം ചെയ്യുന്നവനിൽ പരിശുദ്ധാത്മാവില്ല... അവന് പാപബോദ്ധവുമില്ല!

രാത്രി, "ദൈവത്തോട് ദാരിദ്ര്യത്തിൽ നിന്നും കരകയറ്റണേ എന്ന് പ്രാർഥിക്കുകയും" പകൽ, "റേഷൻ കാർഡ് ദാരിദ്ര്യത്തിൽ ആക്കാനുള്ള നെട്ടോട്ടവും" കൊണ്ട് സമയം കളയുന്ന ജനത ഇന്ന് പരിശുദ്ധാത്മാവിനെ അധികമായി സ്വന്തമാക്കേണ്ടിയിരിക്കുന്നു. കാരണം, അവൻ മാത്രമാണ് പാപത്തെക്കുറിച്ചും നീതിയെകുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യപ്പെടുത്തികൊടുക്കുന്നത്. എങ്കിൽ, ഈ പന്തകുസ്താദിനത്തിൽ പ്രാർത്ഥിക്കാനുള്ളത് മൂന്ന് കാര്യങ്ങൾക്ക് വേണ്ടിയാണ്;

1. പാപബോധം സമ്മാനിക്കുന്ന പരിശുദ്ധാത്മാവേ പശ്ചാതാപം കൂടി നൽകി അനുഗ്രഹിക്കണമെയെന്നും,

2. പരിശുദ്ധാത്മാവ് നീതിബോധം സമ്മാനിക്കുമ്പോൾ ആ നീതിബോധത്തിൽ വളരാൻ അനുഗ്രഹിക്കണമെയെന്നും,

3. ന്യായവിധിയിൽ പരിശുദ്ധാത്മശക്തിയിൽ വിധിയാളനുമുമ്പിൽ നിലയുറപ്പിക്കാൻ സാധിക്കണമെയെന്നും.

**ശ്ലീഹൻമാർക്ക് ലഭിച്ച മാമ്മോദീസയാണ് "അവരെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" എന്നത്. ഇന്ന് ഇത്തരമൊരു മാമ്മോദീസ എന്നിൽ സംഭവിക്കേണ്ടിയിരിക്കുന്നു!**

"പരിശുദ്ധാത്മാവ്
വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും!"

യോഹ 16,14

**ഫാ. ജോബി മേനോത്ത്**
+91 944 7777 931